കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911

ഇന്ന് ശിശുദിനം: ചാച്ചാ നെഹ്റുവിന്റെ ജന്മദിനം

# ശബരിമല സംരക്ഷണ രഥയാത്രയ്ക്ക് ആവേശകരമായ സമാപനം

## ജനുവരി 22വരെ വിധി നടപ്പാക്കാൻ ശ്രമിക്കരുതെന്ന് ശ്രീധരൻപിള്ള

പത്തനംതിട്ട: എൻ.ഡി.എ സംസ്ഥാന ചെയർമാൻ പി. എസ്. ശ്രീധരൻ പിള്ളയും കൺവീനർ തുഷാർ വെള്ളാപ്പള്ളിയും നയിച്ച ശബരിമല സംരക്ഷണ രഥയാത്ര പത്തനംതിട്ടയിൽ ആവേശകരമായി സമാപിച്ചു.

ജില്ലാ സ്റ്റേഡിയത്തിൽ രഥയാത്രയെ സ്വീകരിക്കാൻ പതിനായിരങ്ങളെത്തി. ശരണഘോഷത്തിനിടെ നഗര ഹൃദയത്തിലെത്തിയ അലങ്കരിച്ച രഥം തിങ്ങിനിറഞ്ഞ പ്രവർത്തകർക്കിടയിലൂടെ ഒരു മണിക്കൂറിലേറെ എടുത്താണ് സമാപന വേദിയിലെത്തിയത്.

പുനഃപരിശോധനാ ഹർജി സുപ്രീംകോടതി പരിഗണിക്കുന്ന ജനുവരി 22വരെ സ്ത്രീപ്രവേശന വിധി സർക്കാർ നടപ്പാക്കരുതെന്ന് പി. എസ്. ശ്രീധരൻ പിള്ള ആവശ്യപ്പെട്ടു. ശബരിമലയിൽ സംഘർഷം ഒഴിവാക്കാൻ അതല്ലാതെ മാർഗമില്ല. ഭരണഘടനാ ബെഞ്ചിന്റെ വിധിയിൽ പുനഃപരിശോധന അപൂർവമാണ്. എല്ലാ സ്ത്രീകൾക്കും പ്രവേശനമാകാമെന്ന വിധി സ്റ്റേ ചെയ്യാൻ പരിമിതിയുണ്ട്. പുനഃപരിശോധനയിൽ വിശ്വാസികൾക്ക് പ്രതീക്ഷയുണ്ട്. അതിനിടെ യുവതികളെ പ്രവേശിപ്പിക്കാനുള്ള നടപടി ഉണ്ടാകരുത്. സ്റ്റാലിനിസ്റ്റായ പിണറായി വിവേകം കാട്ടണമെന്ന് ശ്രീധരൻപിള്ള പറഞ്ഞു.

രഥയാത്രയെ സ്വീകരിക്കാൻ എൻ.ഡി. എ ഘടക കക്ഷികളിൽ ബി. ഡി. ജെ.എസിന്റെ വർദ്ധിച്ച പങ്കാളിത്തം ശ്രദ്ധേയമായി. സമാപന സമ്മേളനം ആന്ധ്രയിൽ നിന്നുള്ള സ്വാമി പരിപൂർണാനന്ദ ഉദ്ഘാടനം ചെയ്തു. പി. കെ. കൃഷ്ണദാസ് അദ്ധ്യക്ഷത വഹിച്ചു. ബി.ജെ.പി ദേശീയ സെക്രട്ടറി എച്ച്. രാജ, നളിൻകുമാർ കാട്ടീൽ എം. പി, തുഷാർ വെള്ളാപ്പള്ളി, ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി സുഭാഷ് വാസു, ബി.ജെ.പി നേതാക്കളായ എ. എൻ. രാധാകൃഷ്ണൻ, കെ. സുരേന്ദ്രൻ, ശോഭാ സുരേന്ദ്രൻ, ബി.ഡി. ജെ.എസ് ജില്ലാ പ്രസിഡന്റ് ഡോ. എ. വി. ആനന്ദരാജ് തുടങ്ങിയവർ സംസാരിച്ചു. ജില്ലാ അതിർത്തിയായ റാന്നിയിൽ രഥയാത്രയെ ബി. ഡി. ജെ. എസ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ. പത്മകുമാർ, ബി. ജെ. പി ജില്ലാ പ്രസിഡന്റ് അശോകൻ കുളനട തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

പത്തനംതിട്ടയിൽ ശബരിമല സംരക്ഷണ രഥ യാത്രയുടെ സമാപന സമ്മേളനത്തിൽ പി. എസ്. ശ്രീധരൻ പിള്ളയും തുഷാർ വെള്ളാപ്പള്ളിയും പ്രവർത്തകർ അണിയിച്ച പൂമാല ധരിച്ച് അഭിവാദ്യം ചെയ്യുന്നു ഫോട്ടോ: സന്തോഷ് നിലയ്ക്കൽ

### സർക്കാർ പ്രശ്നങ്ങളുണ്ടാക്കരുത്: തുഷാർ

പത്തനംതിട്ട: ശബരിമലയിൽ പ്രശ്നങ്ങളുണ്ടാക്കാൻ സർക്കാർ ശ്രമിക്കുകയാണെന്ന് തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. നിരവധി കോടതി വിധികളെ സർക്കാർ നിയമം കൊണ്ട് മറികടന്നിട്ടുണ്ട്. പല വിധികളും നടപ്പാക്കാതെ കിടക്കുന്നു.

നഴ്സുമാരുടെ മിനിമം വേതനം സംബന്ധിച്ച വിധി നടപ്പായില്ല. അതേസമയം, ഗോവധം നിരോധിച്ച വിധിക്കെതിരെ മിണ്ടാപ്രാണികളെ വെട്ടിക്കൊന്ന് വേവിച്ചു കഴിക്കാൻ മുന്നിട്ടിറങ്ങിയത് മന്ത്രിമാരാണ്.

ശബരിമല വിധി മനസിലാക്കാതെ സർക്കാർ എടുത്തുചാടി നടപ്പാക്കാൻ ശ്രമിച്ചതാണ് സംഘർഷങ്ങൾക്കു കാരണം. നിരീശ്വര വാദികൾക്കു വേണ്ടിയാണ് സർക്കാർ വിധി നടപ്പാക്കാൻ ശ്രമിക്കുന്നത്. വിശ്വാസികളായ ഒരു യുവതിയും ശബരിമലയ്ക്ക് പോകില്ല.

കോടിക്കണക്കിനു വിശ്വാസികളുടെ വികാരം സർക്കാർ മാനിച്ചില്ലെന്നും തുഷാർ പറഞ്ഞു.

### തന്ത്രി കുടുംബവുമായി മുഖ്യമന്ത്രി ചർച്ച നടത്തും

തിരുവനന്തപുരം: ശബരിമലയിലെ യുവതീ പ്രവേശന വിഷയത്തിൽ നാളെ സർവകക്ഷി യോഗം വിളിക്കുന്നതിനൊപ്പം തന്ത്രികുടുംബത്തിലെ പ്രതിനിധികളുമായി ചർച്ച നടത്താനും മുഖ്യമന്ത്രി ആലോചിക്കുന്നു. രാവിലെ 11 നാണ് സർവകക്ഷിയോഗം. അതിന് ശേഷം തന്ത്രി കുടുംബ പ്രതിനിധികളെ കാണും. ശബരിമലയിൽ സർക്കാരിന് മറ്റ് താത്പര്യങ്ങളില്ലെന്നും സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനുള്ള ഭരണഘടനാ ബാദ്ധ്യത നിറവേറ്റാൻ ശ്രമിക്കുകയായിരുന്നെന്നും ബോദ്ധ്യപ്പെടുത്താനും തുടർ നടപടികൾക്ക് പിന്തുണ തേടാനുമാണ് ശ്രമമെന്നാണ് അറിയുന്നത്. സർക്കാരുമായി ചർച്ച നടത്താൻ തന്ത്രികുടുംബം നേരത്തേ വിസമ്മതിച്ചിരുന്നു.

### ഐ.ടി.ഐക്കാർക്ക് വിദേശ പരിശീലനത്തിന് കൂടുതൽ അവസരം: മന്ത്രി

തിരുവനന്തപുരം: ഐ.ടി.ഐ വിദ്യാർത്ഥികളെ വിദേശ സ്ഥാപനങ്ങളിൽ പരിശീലനത്തിന് അയയ്ക്കുന്ന പദ്ധതിയിൽ കൂടുതൽ വിദേശരാജ്യങ്ങളെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമെന്ന് മന്ത്രി ടി.പി.രാമകൃഷ്ണൻ പറഞ്ഞു. സ്റ്റുഡന്റ്സ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സിംഗപ്പൂരിലേക്ക് പരിശീലനത്തിന് പോകുന്ന 57 ട്രെയിനികൾക്കുള്ള യാത്രയയപ്പ് യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിലവിലെ പഠന-പരിശീലന പദ്ധതികളിൽ ഒതുങ്ങി നിന്നാൽ ആധുനിക കാലം ആവശ്യപ്പെടുന്ന തൊഴിൽ ശക്തിയെ വാർത്തെടുക്കാൻ കഴിയില്ല. സംസ്ഥാനത്തെ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നൈപുണ്യ പരിശീലനത്തിൽ ലോകത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യമാണ് സിംഗപ്പൂർ. വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അവസരം പരമാവധി പ്രയോജനപ്പെടുത്തണം.

ഡി.വൈ.എസ്.പി ഹരികുമാറിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് നെയ്യാറ്റിൻകര കൊടങ്ങാവിള ജംഗ്ഷനിൽ നടത്തിയ ഉപവാസ സമരത്തിനിടെ ഹരികുമാറിന്റെ മരണവാർത്തയറിഞ്ഞു സനലിന്റെ ഭാര്യ വിജി കരയുന്നു. ഇളയമകൻ അലൻ സമീപം ഫോട്ടോ: അജയ് മധു

# പി.കെ. ശശി വിവാദത്തിൽ തൊടാതെ ഡി.വൈ.എഫ്.ഐ സമ്മേളനം

കോഴിക്കോട്: പി.കെ. ശശി എം.എൽ.എയ്ക്കെതിരെ വനിതാ നേതാവ് ഉന്നയിച്ച പീഡന ആരോപണം ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രതിനിധി സമ്മേളനം ചർച്ച ചെയ്തില്ലെന്ന് സെക്രട്ടറി എം. സ്വരാജ് എം.എൽ.എ പറഞ്ഞു. ഇന്നലത്തെ ചർച്ചയുടെ വിശദാംശങ്ങൾ വിശദീകരിക്കുന്നതിനിടെ മാദ്ധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പാർട്ടി നിയോഗിച്ച സംഘം പരാതി അന്വേഷിക്കുന്നുണ്ട്. അന്വേഷണം നീളുന്നതിനുള്ള കാരണം അന്വേഷണ സംഘത്തോട് ചോദിക്കണം.

ആരാധനയിൽ ലിംഗ വ്യത്യാസത്തിന്റെ പേരിൽ ആരെയും മാറ്റി നിറുത്തരുത്. ശബരിമല വിഷയത്തിൽ വിശ്വാസികളുടെ വികാരം മാനിക്കുന്നു. ഭരണഘടനയാണ് വലുത്. സുപ്രീംകോടതി തീരുമാനം മാനിക്കണം. വിധിക്കെതിരെ കോൺഗ്രസും ബി.ജെ.പിയും നടത്തുന്ന പ്രക്ഷോഭത്തിനെതിരെ ഡി.വൈ.എഫ്.ഐ കാമ്പെയിൻ ആരംഭിക്കും. കെ.ടി. ജലീലിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ തെളിവില്ല. തെളിവുള്ളവർ കോടതിയിൽ പോകട്ടെയെന്നും സ്വരാജ് പറഞ്ഞു. വാർത്താസമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് എ.എൻ. ഷംസീർ എം.എൽ.എ, സ്വാഗത സംഘം ജനറൽ കൺവീനർ പി. നിഖിൽ, മീഡിയ കമ്മിറ്റി കൺവീനർ പി. ഷിജിത്ത്, ജില്ലാ പ്രസിഡന്റ് വി. വസീഫ് എന്നിവരും പങ്കെടുത്തു.

### നവമാദ്ധ്യമ രംഗത്ത് സജീവമാകാൻ ഡി.വൈ.എഫ്.ഐ തീരുമാനം

കോഴിക്കോട്: സംഘപരിവാറിന്റെ സംഘടിത നുണ പ്രചാരണത്തെ തടയാൻ നവ മാദ്ധ്യമ രംഗത്ത് കൂടുതൽ സജീവമാകാൻ കോഴിക്കോട് നടക്കുന്ന ഡി.വൈ.എഫ്.ഐ 14-ാം സംസ്ഥാന സമ്മേളനം തീരുമാനിച്ചു.

സംഘപരിവാറിന്റെ സംഘടിത നുണപ്രചാരണത്തിൽ ചിലർ വീണു പോകുന്നുവെന്ന് പ്രതിനിധി ചർച്ചയിൽ അംഗങ്ങൾ കുറ്റപ്പെടുത്തിയിരുന്നു. തുടർന്നാണ് ഈ മേഖലയിലും സജീവമാകാൻ തീരുമാനിച്ചതെന്ന് സംസ്ഥാന സെക്രട്ടറി എം. സ്വരാജ് മാദ്ധ്യമ പ്രവർത്തകരോട് പറഞ്ഞു.

വനിതയായ ഒരാളെങ്കിലും യൂണിറ്റ് ഭാരവാഹികളിൽ ഉണ്ടായിരിക്കണമെന്നാണ് മറ്റൊരു തീരുമാനം. 5000ത്തോളം യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്. മറ്റ് ഭാരവാഹിത്വങ്ങളിൽ 20 ശതമാനത്തോളം വനിതകൾക്കായി മാറ്റിവയ്ക്കും. പരിസ്ഥിതി സംരക്ഷണത്തിലും കലാസാംസ്കാരിക മേഖലയിലുമുള്ള ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തും.

'പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ അവാർഡ് നേടിയ സംഘടനയാണ് ഡി.വൈ.എഫ്.ഐ. എങ്കിലും സമഗ്രമായ ഇടപെടലാണ് ആഗ്രഹിക്കുന്നത്. പ്രതിനിധി സമ്മേളനത്തിൽ 44 അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുവെന്നും 'സ്വരാജ് പറഞ്ഞു.

ചില മാദ്ധ്യമങ്ങൾ തെറ്റായ കാര്യങ്ങളാണ് ചർച്ചയുടെ പേരിൽ പടച്ച് വിട്ടത്. സംസ്ഥാന പ്രസിഡന്റിനെ അഖിലേന്ത്യാ പ്രസിഡന്റ് വിമർശിച്ചുവെന്ന തരത്തിൽ വരെ വാർത്തകൾ വന്നു. ഡി.വൈ.എഫ്.ഐയുടെ ബാലപാഠങ്ങൾ പോലും അറിയാത്തവരാണ് ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നത്. സംഘടനയുടെ നിയമം അനുസരിച്ച് സംസ്ഥാന കമ്മിറ്റി ചർച്ചയിൽ അഖിലേന്ത്യാ പ്രസിഡന്റ് പങ്കെടുക്കാറില്ല- അദ്ദേഹം പറഞ്ഞു.

### സമ്മേളനം ഇന്ന് സമാപിക്കും

കോഴിക്കോട്: ഡി.വൈ.എഫ്.ഐ സംസ്ഥാന സമ്മേളനം യുവജനറാലിയോടെ ഇന്ന് സമാപിക്കും. കോഴിക്കോട് ബീച്ചിൽ വൈകിട്ട് നാലിന് നടക്കുന്ന റാലി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഒരു ലക്ഷത്തോളം പേർ പങ്കെടുക്കും. പി.എ. മുഹമ്മദ് റിയാസ്, അഭോയ് മുഖർജി, എളമരം കരീം എം.പി, മന്ത്രി ടി.പി. രാമകൃഷ്ണൻ എന്നിവർ സംസാരിക്കും.

## കാലാവസ്ഥ ചതിച്ചില്ലെങ്കിൽ ജിസാറ്റ് 29 ഇന്ന് വിക്ഷേപിക്കും

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദവും ഗജ ചുഴലിക്കാറ്റും പ്രശ്നമുണ്ടാക്കിയില്ലെങ്കിൽ ഇന്ത്യയുടെ വലിയ വാർത്താവിനിമയ ഉപഗ്രഹമായ ജിസാറ്റ് -- 29 ഇന്ന് വൈകിട്ട് 5.08 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ കേന്ദ്രത്തിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്ന് വിക്ഷേപിക്കും.

ഐ. എസ്. ആർ. ഒ.യുടെ ഏറ്റവും പുതിയ റോക്കറ്റായ ജി.എസ്.എൽ.വി.എം.കെ. 3 യുടെ രണ്ടാമത്തെ വിക്ഷേപണമാണിത്. 3423കിലോഗ്രാം ഭാരമുള്ള ജിസാറ്റ് 29 ഇന്ത്യ ഇവിടെ നിന്ന് വിക്ഷേപിക്കുന്ന ഭാരമേറിയ ഉപഗ്രഹമാണ്. 27 മണിക്കൂർ കൗണ്ട് ഡൗൺ ഇന്നലെ ഉച്ചയ്ക്ക് 2.50 ന് ആരംഭിച്ചു. മാർച്ചിൽ ജിസാറ്റ് 6എ ഉപഗ്രഹം പരാജയപ്പെട്ടതിന് ശേഷമുള്ള ഐ.എസ്.ആർ.ഒയുടെ ആദ്യവിക്ഷേപണമാണിത്. ഈ വർഷത്തെ നാലാമത്തെ വിക്ഷേപണവും. ഡിജിറ്റൽ ഇന്ത്യ പദ്ധതിക്ക് ശക്തിയേറുന്നതാണ് പത്തുവർഷത്തെ ആയുസുള്ള ജിസാറ്റ് 29 ദൗത്യം. ജമ്മുകാശ്മീരിലും, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അതിവേഗ ഇന്റർനെറ്റ് സൗകര്യവും പ്രതിരോധത്തിനും ഗ്രാമീണ ആവശ്യങ്ങൾക്കുമുള്ള വാർത്താവിനിമയ സൗകര്യങ്ങളും നൽകുന്നതിനുള്ള ഇടത്തരം, വൻകിട ട്രാൻസ്പോണ്ടറുകളാണ് ജിസാറ്റിലുള്ളത്. മൾട്ടി ബീം ഒപ്റ്റിക്കൽ ഇമേജിംഗ് സംവിധാനങ്ങളുമുണ്ട്.

ജി.എസ്.എൽ.വി എം.കെ.3 ഡി.2 റോക്കറ്റ്

## ശ്രീനന്ദകുമാർ രാജ നിര്യാതനായി

വടക്കാഞ്ചേരി: നാരായണമംഗലത്ത് അഗ്നിശർമ്മൻ നമ്പൂതിരിപ്പാടിന്റെയും പുന്നത്തൂർ രാധ തമ്പുരാട്ടിയുടെയും മകനും അവണപ്പറമ്പു കുഞ്ഞനുജൻ നമ്പൂതിരിപ്പാടിന്റെ പൗത്രനുമായ ശ്രീ നന്ദകുമാർ രാജ (63) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിര്യാതനായി. കോഴിക്കോട് സ്റ്റേജ് ഇന്ത്യയിലൂടെ കലാരംഗത്തേക്ക് കടന്നുവന്ന നന്ദകുമാർ രാജ വർഷങ്ങളോളം നാടക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്നു. പ്രശസ്ത സിനിമാ താരം രമാദേവിയാണ് ഭാര്യ. മകൾ കൃപ, മരുമകൻ പ്രദീപ് മുല്ലനേഴി എന്നിവരും ചലച്ചിത്ര രംഗത്ത് സജീവ സാന്നിദ്ധ്യമാണ്. നന്ദകുമാർ രാജ പിന്നീട് ആന ഇടപാട് രംഗത്തേക്ക് കടന്നു. ബീഹാറിൽ നിന്ന് കേരളത്തിലേക്ക് ഒട്ടേറെ ആനകളെ കൊണ്ടുവന്നു . സംസ്കാരം രാവിലെ പത്തിന് പാമ്പാടി ഐവർമഠം ശ്മശാനത്തിൽ നടക്കും.

കേരള സർവ്വകലാശാലയിൽ നിന്ന് റഷ്യൻ സാഹിത്യത്തിൽ പി.എച്ച്.ഡി നേടിയ ഷൈല എസ്. വെള്ളനാട് വെളിയന്നൂർ പുല്ലുവിള കൃഷ്ണയിൽ പി. സുധാകരന്റെ (എൽ.ഐ.സി ) ഭാര്യയാണ്.

### കെ.വി. മോഹൻകുമാറിന് താത്കാലിക ചുമലത

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ ഡയറക്ടറും സ്പെഷ്യൽ സെക്രട്ടറിയുമായ കെ.വി. മോഹൻകുമാറിന് പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷ ക്ഷേമം, വഖഫ് വകുപ്പുകളുടെ സെക്രട്ടറിയുടെ താത്കാലിക ചുമതല നൽകി.

### ഗോ സമൃദ്ധി പ്ലസ് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഗോസമൃദ്ധി പ്ലസ് ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 4.30 ന് ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺഹാളിൽ മന്ത്രി അഡ്വ. കെ. രാജു നിർവഹിക്കും. ഇൻഷ്വറൻസ് സൗകര്യം എല്ലാ മൃഗാശുപത്രികളിലും ഉണ്ടായിരിക്കും.

കേരള സർവകലാശാലയിൽ നിന്ന് നിയമത്തിൽ ഡോക്ടറേറ്റ് നേടിയ തിരുവനന്തപുരം ജില്ലാക്കോടതിയിലെ അഭിഭാഷകൻ അനസ് പി. പൂന്തുറ ചെടിവിളാകം വീട്ടിൽ പീരുക്കണ്ണിന്റെയും സൈനബ ബീവിയുടെയും മകനാണ്. കണിയാപുരം കണ്ടലിൽ ഷിബിൻ ഭാര്യയാണ്

Vol. No. 108 Issue No. 307 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .